(ഡി) 27.10.99-ൽ ഈ സംഭവത്തിൽ പ്രതിഷേധിച്ച് അഭിഭാഷകരെ പുനലൂർ എസ്.ഐ. കൈയ്യേറ്റം ചെയ്യുവാൻ ശ്രമിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ പുനലൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ഡി)-(ഇ) പരാതി ലഭിച്ചിട്ടില്ല.

കെ.ഐ. റഹിമിനെ മർദ്ദിച്ച സംഭവം

51 (762) ശ്രീ. പി.ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ തൊടുപുഴ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മൂവാറ്റുപുഴ സബ്ജയിലിൽ വാർഡനായിരുന്ന കെ.ഐ. റഹിമിനെ തൊടുപുഴ താലൂക്ക് ചെത്ത് തൊഴിലാളി ഓഫീസിൽ വച്ച് മർദ്ദിച്ച സംഭവത്തെക്കുറിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് സതീശൻ, ഷാജി എന്നിവർക്കെതിരായി തൊടുപുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും തൊടുപുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 2-ൽ ചാർജ് നൽകിയിട്ടുള്ളതും കേസ് കോടതിയുടെ പരിഗണനയിലുമാണ്.

കെ.പി. അസ്മയുടെ മരണം

52(763) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കസബ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കെ. പി. അസ്മ എന്ന സ്ത്രീ കഴിഞ്ഞ സെപ്റ്റംബർ 8-ന് ദുരൂഹമായ സാഹചര്യത്തിൽ തീ പൊള്ളലേറ്റ് മരിച്ച സംഭവത്തിൽ പോലീസ് എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) മരിച്ച കെ.പി. അസ്മയുടെ ഭർത്താവായിരുന്ന ഇക്ബാലിന്റെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ഇക്ബാലിനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത സംഭവത്തോടനുബന്ധിച്ച് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം 175/99 യു/സി. ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ടിയാളുടെ മരണം ഭർത്താവിന്റെ പീഡനം നിമിത്തമാണെന്ന് തെളിഞ്ഞതിനാൽ കേസ്സിന്റെ വകുപ്പ് 498(എ) ഐ.കെ.പി.സി. യായി മാറ്റി അന്വേഷണം നടത്തി വരുന്നു.

(ബി)-(സി) ഉണ്ട്.

കെ.ടി. ജയകൃഷ്ണന്റെ മരണം

53 (764) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ 1-ാം തീയതി കണ്ണൂർ ജില്ലയിലെ പാനൂർ വച്ച് യുവ മോർച്ച സംസ്ഥാന വൈസ്പ്രസിഡന്റ് കെ.ടി. ജയകൃഷ്ണൻ വധിക്കപ്പെട്ടതിനെ തുടർന്നുണ്ടായ അനിഷ്ട സംഭവങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഈ സംഭവത്തിനുശേഷം ഈ പ്രദേശത്ത് 6.12.99 വരെ എത്ര പേർ വധിക്കപ്പെട്ടു. അവർ ആരെല്ലാം; ഇവർ ഏതു രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണ്; എത്രയാളുകൾക്ക് പരിക്ക് പറ്റി;

(സി) കെ.ടി. ജയകൃഷ്ണന് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നോ; സെക്യൂരിറ്റിയായി നിയമിക്കപ്പെട്ടിരുന്ന പോലീസുകാർ ആരെല്ലാം;

(ഡി) ഗൺമാനിൽ നിന്നും അക്രമിസംഘം റിവോൾവർ കൈവശപ്പെടുത്തിയോ എങ്കിൽ അത് തിരിച്ചു കിട്ടിയോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) ജയകൃഷ്ണനെ വധിച്ച കേസിൽ ആർക്കെല്ലാമെതിരെ കേസ് എടുത്തിട്ടുണ്ട്; ഇവയ്ക്ക് ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുമായി ബന്ധമുണ്ടോ;

(എഫ്) ജയകൃഷ്ണന്റെ കൊലപാതകത്തെ തുടർന്ന് ഏതെല്ലാം സ്ഥലത്ത് പോലീസ് വെടിവയ്പ്പും ലാത്തി ചാർജ്ജും നടന്നെന്ന് വ്യക്തമാക്കുമോ;

(ജി) ഇതു സംബന്ധമായി ആർക്കെങ്കിലും എന്തെങ്കിലും നഷ്ട പരിഹാരം കൊടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) 6.12.1999-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കണ്ണൂർ കളക്ട്രേറ്റിൽ സർവ്വകക്ഷി സമാധാനയോഗം ചേരുകയും എല്ലാ രാഷ്ട്രീയ കക്ഷികളും സമാധാനം നിലനിർത്തുന്നതിനാവശ്യമായ സഹകരണം വാഗ്ദാനം ചെയ്യുകയും ഉണ്ടായി. ജില്ലാ സമാധാന സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നിയമസമാധാനനില എല്ലാ മാസവും അവലോകനം ചെയ്യുന്നതിനും തീരുമാനിച്ചു. കൂടാതെ സ്ഫോടക വസ്തുക്കളും ആയുധങ്ങളും കണ്ടുപിടിക്കുന്നതിനും തുടർന്നുണ്ടാകുന്ന അക്രമങ്ങൾ അമർച്ച ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly